## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 239 — 8.07.2015-ൽ മറുപടിക്ക്

**ഇ-ഹെൽത്ത്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>" ഹൈബി ഈഡൻ<br>" അൻവർ സാദത്ത്<br>" ടി.എൻ. പ്രതാപൻ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഇ-ഹെൽത്ത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) | ഇ-ഹെൽത്ത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.<br>2. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക<br>3. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളേയും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളേയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക<br>4. കേരളത്തിലെ സർക്കാർ മേഖലയിലുള്ള അലോപ്പതി ആശുപത്രികളിൽ ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർചികിത്സയ്ക്കായി വീണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക. |
| (ബി) | ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചുവോ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള സോഫ്റ്റ് വെയർ നിർമ്മാണ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. അഞ്ച് വർഷക്കാലയളവാണ് പദ്ധതിയുടേത്. മൂന്ന് മാസത്തിനകം തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത ആരോഗ്യകേന്ദ്രങ്ങളിൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുവാനും 2016 അവസാനത്തോടെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം തുടങ്ങി 7 ജില്ലകളിൽ പദ്ധതി നടപ്പിലാക്കുവാനുമാണ് ഇപ്പോൾ വിഭാവന ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഇത് കേന്ദ്രാവിഷ്കൃത പദ്ധതിയാണോ ; പദ്ധതി സംസ്ഥാനത്തിന് എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുമോ ; | (സി) | കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്ര വിഹിതം 86.96 കോടി രൂപയും സംസ്ഥാന വിഹിതം 9.43 കോടി രൂപയുമാണ്. |
| (ഡി) | പദ്ധതിയിൻ കീഴിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നു; വിശദമാക്കുമോ ? | (ഡി) | ഈ പദ്ധതിയിൽ 5 പേർ കോൺട്രാക്ട് അടിസ്ഥാനത്തിലും 2 പേർ ദിവസ വേതനാടിസ്ഥാനത്തിലും ഇപ്പോൾ ജോലി ചെയ്യുന്നു. കൂടാതെ ആരോഗ്യവകുപ്പിൽ നിന്ന് 6 ജീവനക്കാരെ റീഡിപ്ലോയ് ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ